**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1356** **03-02-2026 - ൽ മറുപടിയ്ക്ക്**

**രാമനാട്ടുകര-എയർപോർട്ട് ജംങ്ഷൻ ദേശീയപാത വീതികൂട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | രാമനാട്ടുകര മുതൽ കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന കുളത്തൂർ ജംങ്ഷൻ വരെയുള്ള ദേശീയ പാത വീതികൂട്ടി വികസിപ്പിക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാകാമോ; | (എ) | രാമനാട്ടുകര മുതൽ കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന കുളത്തൂർ ജംങ്ഷൻ വരെയുള്ള പാത വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിന് M/s Dhruv Consultancy, M/s Dayanandaman Construction & Consultant Pvt. Ltd. എന്നീ ഏജൻസികളെ ദേശീയപാത അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. 04.12.2025 തീയതിയിൽ LOA (Letter of Acceptance) നൽകിയതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഡി. പി. ആർ. തയ്യാറാക്കുന്നതിന് ടെണ്ടർ വിളിച്ചിരുന്നോ; എങ്കിൽ ഡി. പി. ആർ. തയാറാക്കുന്ന പ്രവൃത്തി ഏറ്റെടുത്തത് ഏത് കമ്പനിയാണെന്ന് വ്യക്തമാകാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | ഈ റോഡിന്റെ നിർമ്മാണം പൊതുരാമത്ത് വകുപ്പിന്റെ എത് വിഭാഗമാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ദേശീയപാത അതോറിറ്റിയാണ്ഈ റോഡിന്റെ നിർമ്മാണത്തിന് വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നത്. ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്ന പ്രവൃത്തി ആരംഭഘട്ടത്തിലാണ്. |
| (ഡി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | സി പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ